# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3480 | 23.06.2014-ൽ മറുപടിയ്ക്ക്

### എ.ഐ.വൈ.എഫ്. പ്രവർത്തകർക്ക് മർദ്ദനമേറ്റ സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) എ.ഐ.വൈ.എഫ് പ്രവർത്തകർ നടത്തിയ നിയമസഭാ മാർച്ചുമായി ബന്ധപ്പെട്ട് സംസ്ഥാന പ്രസിഡന്റ് കൃഷ്ണപ്രസാദിനും വനിതാ പ്രവർത്തക ബിന്ദുരാജിനും യൂത്ത് കോൺഗ്രസ് പ്രവർത്തകരിൽ നിന്നും മർദ്ദനമേറ്റ സംഭവത്തിൽ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; പ്രസ്തുത സംഭവത്തിൽ എത്ര പേരെ പ്രതികളായി കണ്ടെത്തിയിട്ടുണ്ടെന്നും പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (എ), (ബി) & (സി) തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 981/13 u/s 143,147,148,341,326,354, 294(b), 308 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസിൽ രണ്ട് പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്തിട്ടുമുണ്ട്. ടി കേസിൽ കണ്ടാലറിയാവുന്ന 500 പേരെ പ്രതിയാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. വനിതയെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് പ്രത്യേകം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വനിതയെ മർദ്ദിച്ച സംഭവം പ്രത്യേക കേസ്സായി രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | |
| (സി) വനിതയെ മർദ്ദിച്ച പ്രതികൾക്കെതിരെ ഏതെല്ലാം വകുപ്പുകളിലാണ് കേസെടുത്തിട്ടുള്ളതെന്നും വെളിപ്പെടുത്താമോ? | |

സെക്ഷൻ ഓഫീസർ